'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - സ്വകാര്യ എയ്ഡഡ് കോളേജ് - കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ അദ്ധ്യാപിക ശ്രീമതി.അനു.വി , ബ്രസീലിലെ റിയോഡി ജെനിറോയിൽ വച്ച് നടന്ന ഇന്റർനാഷണൽ സെമിനാറിൽ പങ്കെടുത്ത നടപടി സാധൂകരിച്ച് നല്കി ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.1471/2019/ഉ.വി.വ    തീയതി,തിരുവനന്തപുരം, 19/08/2019**

---

പരാമർശം:- 1 സർക്കുലർ നം.18326/എ.ആർ/14(1)/2011/ഉ.ഭ.പ.വ തീയതി 29.10.2012.

2 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 23.10.2018 &29.04.2019 തീയതികളിലെ ഡി3/37395/2018/കോ.വി.വ നമ്പർ കത്ത്.

## ഉത്തരവ്

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അദ്ധ്യാപിക ശ്രീമതി.അനു.വി - യ്ക്ക് ബ്രസീലിലെ റിയോഡീ ജെനിറോയിൽ വച്ച് 01.08.2018 മുതൽ 09.08.2018 വരെ നടന്ന International Congress Of Mathematics 2018 (ICM2018)' പങ്കെടുത്ത നടപടി സർക്കാരിന്റെ പരിഗണനയ്ക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു. ബ്രസീലിലെ റിയോഡീ ജെനിറോയിൽ വച്ച് സംഘടിപ്പിക്കുന്ന സെമിനാറിൽ പങ്കെടുക്കുന്നതിനും, പേപ്പർ പ്രസന്റേഷൻ നടത്തുന്നതിനുമാണ് ശ്രീമതി.അനു.വി - യെ ക്ഷണിച്ചിരുന്നത്.

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായി, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയുമുണ്ടാകില്ലെന്നുമുള്ള വ്യവസ്ഥയിൽ, അർഹതപ്പെട്ട അവധി ഉപയോഗപ്പെടുത്തി, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അദ്ധ്യാപിക ശ്രീമതി.അനു.വി - യ്ക്ക് ബ്രസീലിലെ റിയോഡീ ജെനിറോയിൽ വച്ച് 01.08.2018 മുതൽ 09.08.2018 വരെ നടന്ന International Congress Of Mathematicians 2018'-ൽ പങ്കെടുത്ത നടപടി സാധൂകരിച്ച് നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

L KUSALA KUMARI

**അണ്ടർ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
ശ്രീമതി.അനു.വി, മാത്തമാറ്റിക്സ് അദ്ധ്യാപിക, സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഡയറക്ടർ, ഐ&പി.ആർ.ഡി
നോഡൽ ഓഫീസർ ( highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ